# Desabhimani

## 28 August 2018

## Palluruthy ; Flood ,Fisherman Task Force

# മത്സ്യത്തൊഴിലാളികളെ ഉപയോഗിച്ച് കർമസേന രൂപീകരിക്കണം: ബിഷപ് ഡോ. ജോസഫ് കരിയിൽ

**പള്ളുരുത്തി**

മത്സ്യത്തൊഴിലാളികളെ ഉപയോഗിച്ച് കർമസേന രൂപീകരിക്കണമെന്ന് കൊച്ചി ബിഷപ് ഡോ. ജോസഫ് കരിയിൽ. കെ ജെ മാക്സി എംഎൽഎ യുടെ നേതൃത്വത്തിൽ തോപ്പുംപടിയിൽ സംഘടിപ്പിച്ച രക്ഷകർക്ക് സ്വീകരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ രക്ഷാപ്രവർത്തനത്തിൽ മുഖ്യപങ്ക് വഹിച്ചത് മത്സ്യത്തൊഴിലാളികളാണ്. അടിയന്തര സാഹചര്യം നേരിടാൻ ഇവർക്ക് ശാസ്ത്രീയമായ പരിശീലനം നൽകണമെന്നും അദ്ദേഹം പറഞ്ഞു.




കെ ജെ മാക്സി എംഎൽഎയുടെ നേതൃത്വത്തിൽ രക്ഷകർക്ക് നൽകിയ സ്വീകരണം ബിഷപ് ഡോ. ജോസഫ് കരിയിൽ ഉദ്ഘാടനംചെയ്യുന്നു

രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളേയും ദുരിത ബാധിതർക്കായി ക്യാമ്പുകൾ ആരംഭിച്ച കൊച്ചിയിലെ സ്കൂളുകളെയും ക്യാമ്പുകളിൽ സന്നദ്ധ പ്രവർത്തനം നടത്തിയവരെയും ചടങ്ങിൽ അനുമോദിച്ചു. കെ ജെ മാക്സി എംഎൽഎ അധ്യക്ഷനായി. ജോൺ ഫെർണാണ്ടസ് എംഎൽഎ, കോസ്റ്റ് ഗാർഡ് കമാൻഡർ ജിത്തു ജോസഫ്, സംവിധായകൻ അമൽ നീരദ്, സിപിഐ എം ജില്ലാ സെക്രട്ടറി സി എൻ മോഹനൻ, ഏരിയ സെക്രട്ടറിമാരായ കെ എം റിയാദ്, പി എ പീറ്റർ, ജില്ലാ പഞ്ചായത്തംഗം അഡ്വ. ടി വി അനിത, ഫാ. ജോപ്പി കൂട്ടുങ്കൽ, മേഴ്സി ജോസി, പി കെ അബ്ദുൾ ലത്തീഫ്, ഇ പി മുരളീധരൻ എന്നിവർ സംസാരിച്ചു. സി എസ് ഗിരീഷ് നന്ദി പറഞ്ഞു.